5000 രൂപാ നടത്തിപ്പ് സബ്സിഡി, മൾബറി കൃഷിയിലും പുഴുവളർത്തുന്നതിനും കർഷകർക്ക് 300 രൂപ സ്റ്റൈഫന്റോടുകൂടിയ പരിശീലനം പുഴുവളർത്തുന്നതിനാവശ്യമായ ഉപകരണങ്ങൾക്ക് ഏക്കറൊന്നിന് 4000/- രൂപവരെ സബ്സിഡി, പുഴുവളർത്തുന്ന പുര നിർമ്മാണത്തിന് ഏക്കറൊന്നിന് 7500 രൂപ വരെ സബ്സിഡി, കൊക്കൂൺ ഉല്പാദനക്ഷമത കൈവരിക്കാൻ ഒരു കിലോയ്ക്ക് 5 രൂപ മുതൽ 15 രൂപവരെ പ്രോത്സാഹന സഹായം റീലിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് വേണ്ട നിർമ്മാണചെലവിന്റെ 25% പരമാവധി 1 ലക്ഷം രൂപവരെ സബ്സിഡി തുടങ്ങിയവ നൽകുന്നു.

48 (1274) മാണിയൂർ കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘം

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാണിയൂർ കരിങ്കൽ തൊഴിലാളി വ്യവസായ സഹകരണ സംഘത്തിന് ഗവൺമെന്റ് ഓഹരി പങ്കാളിത്തമായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫണ്ട് വിനിയോഗിക്കുവാൻ കാലതാമസമുണ്ടായത് സൊസൈറ്റിയുടെ വീഴ്ചകാരണം അല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത തുക സൊസൈറ്റിക്ക് ലഭിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ? വ്യക്തമാക്കുമോ?

ഉത്തരം

(എ) 92,000/- രൂപാ അനുവദിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി) 92,000/- രൂപാ സൊസൈറ്റിക്ക് നൽകിയിട്ടുണ്ട്. നിശ്ചിത കാലയളവിനുള്ളിൽ (അതായത് തുക അനുവദിച്ച് ഒരു വർഷത്തിനുള്ളിൽ) നൽകിയ തുക ഉപയോഗിച്ചിട്ടില്ലെങ്കിൽ അത് പലിശ സഹിതം തിരിച്ച് പിടിക്കണമെന്നാണ് നിലവിലുള്ള വ്യവസ്ഥ. അതിനാൽ ഇക്കാര്യം പരിഗണിക്കാൻ നിർവാഹമില്ല.

49 (1275) സെറിക്കൾച്ചർ സൊസൈറ്റികൾ

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഖാദി വില്ലേജ് വ്യവസായത്തിന്റെ കീഴിൽ എത്ര സെറിക്കൾച്ചർ സൊസൈറ്റികൾ പ്രവർത്തിക്കുന്നുണ്ട്;

(ബി) പ്രസ്തുത സൊസൈറ്റികൾ കാര്യക്ഷമമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ)&(ബി) ഖാദി ബോർഡിന്റെ കീഴിൽ 588 പ്രൈമറി സെറികൾച്ചർ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട്. ഇവയിൽ ഭൂരിഭാഗവും പ്രവർത്തനക്ഷമമായിരുന്നില്ല. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അവ

LIBRARY ARCHIVES Kerala Legislative Assembly

യിൽ 153 സൊസൈറ്റികൾക്ക് പ്രൈമറി സംഘങ്ങളുടെ അപ്പക്സ് ഫെഡറേഷനായ സെറിഫെഡിൽ അഫിലിയേഷൻ നൽകുകയും കാര്യക്ഷമമായ പ്രവർത്തനം ലക്ഷ്യമാക്കി അവയ്ക്ക് മാനേജീരിയൽ ഗ്രാന്റ്, ഫർണിച്ചർ ഗ്രാന്റ്, ഷെയർ പാർട്ടിസിപ്പേഷൻ എന്നീ സ്കീമുകൾ ആവിഷ്കരിച്ചിട്ടുമുണ്ട്. എന്നാൽ, പഞ്ചായത്തുതല പ്രൈമറി സൊസൈറ്റികളുടെ അഫിലിയേഷൻ ഇപ്പോൾ ഹൈക്കോടതി റദ്ദാക്കുകയും അതിനെതിരെ സെറിഫെഡ് അപ്പീൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

50 (1276) മൺപാത്ര വ്യവസായം

ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പരമ്പരാഗത വ്യവസായമായ മൺപാത്ര വ്യവസായ ഉൽപ്പന്നങ്ങൾ വിറ്റഴിഞ്ഞുപോകാത്തതു മൂലം തകർച്ചയെ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മൺപാത്രവ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന ആയിരക്കണക്കിന് കുടുംബങ്ങൾക്ക് സഹായം നൽകാനായി ഏതെങ്കിലും പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ അതേക്കുറിച്ച് ആലോചിക്കുമോ;

(സി) ഈ വിഭാഗത്തിന് ഒരു ക്ഷേമനിധി ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ)&(ബി) ഈ വ്യവസായരംഗത്ത് പ്രതിസന്ധി ഉണ്ട്. മൺപാത്രവ്യവസായികൾക്ക് യൂണിറ്റ് തുടങ്ങുവാൻ ബാങ്ക് വഴി വായ്പാസൗകര്യം കേരളാ ആർട്ടിസാൻസ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ ചെയ്തു കൊടുക്കുന്നുണ്ട്. കൂടാതെ ടി കോർപ്പറേഷൻ സംഘടിപ്പിച്ചുവരുന്ന വിൽപ്പന മേളകളിൽ മണ്ണുകൊണ്ടുള്ള ഉല്പന്നങ്ങൾ വിറ്റഴിക്കുവാനും സൗകര്യം ചെയ്തു കൊടുക്കുന്നു.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല.

51 (1277) ആദിവാസികളുടെ ക്ഷേമം

ശ്രീമതി രാധാരാഘവൻ :
ശ്രീ. പാലോട് രവി :
ശ്രീ. ഇ.എം. അഗസ്തി :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. കെ.കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ക്ഷേമം ലക്ഷ്യമാക്കി യന്ത്രവൽകൃത യൂണിറ്റുകളും കൈത്തറി യൂണിറ്റുകളും റെഡിമെയ്ഡ് വസ്ത്ര യൂണിറ്റുകളും ആരംഭിക്കാൻ പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇവ ഓരോന്നും എത്ര യൂണിറ്റുകൾ വീതം അനുവദിക്കുമെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly